"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

**കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്**

ഇണ്ടാസ് നം: G1-32032/2023/PrHQ ; തീയതി : 18-10-2023

പൊതുഭരണ (ഏകോപനം) വകുപ്പിൽ നിന്നുള്ള 13.10.2023 തീയിതിയിലെ സി ഡി എൻ 4/98/2023/പൊഭവ നമ്പർ സർക്കുലർ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

പ്രീത വി എസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **1.എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും.**
2.ഡി ഐ ജി ഓഫ് പ്രിസൺസ്

ഉത്തരമേഖല/മദ്ധ്യ മേഖല/ദക്ഷിണമേഖല

3.ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവനക്കാർക്കും.

:/5910250/2023

By ...

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. സിഡിഎൻ.4/98/2023/പൊഭവ.
പൊതുഭരണ (ഏകോപനം) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13-10-2023

## സർക്കുലർ

വിഷയം:- പൊഭവ-**"കേരളീയം"** ഓൺലൈൻ മെഗാക്വിസിൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാരും രജിസ്റ്റർ ചെയ്ത് പങ്കെടുക്കുന്നതിനുവേണ്ട നിർദേശം നൽകുന്നത് സംബന്ധിച്ച്

സൂചന:- "കേരളീയം" സംഘാടക സമിതി കൺവീനറുടെ 13.10.2023 ലെ കത്ത്

**********************

ഒരു സംസ്ഥാനമെന്ന നിലയ്ക്ക് കേരളത്തിന് ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ ലോകത്തിന് മുന്നിൽ അവതരിപ്പിക്കുവാൻ കഴിയും വിധം 2023 നവംബർ 1 മുതൽ 7 വരെ തിരുവനന്തപുരത്ത് സെമിനാറുകളും അനുബന്ധ പരിപാടികളുമായി **"കേരളീയം"** സംഘടിപ്പിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സെമിനാറുകൾ, എക്സിബിഷനുകൾ, കലാപരിപാടികൾ, ചലച്ചിത്രമേള എന്നിങ്ങനെ മുപ്പതിലധികം വേദികളിലായി വിവിധപരിപാടികൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. **"കേരളീയം"** പരിപാടിയുടെ പ്രചരണാർത്ഥം **"കേരളീയം ഓൺലൈൻ ക്വിസ് മത്സരം"** <u>2023 ഒക്ടോബർ 19 ഇന്ത്യൻ സമയം വൈകുന്നേരം 7.30ന് സംഘടിപ്പിക്കുന്നു.</u> പ്രായഭേദമെന്യേ ലോകമെമ്പാടുമുള്ള മലയാളികൾക്ക് പങ്കെടുക്കാവുന്ന കേരളീയം ഓൺലൈൻ മെഗാക്വിസിൽ എല്ലാ സംസ്ഥാന സർക്കാർ ജീവനക്കാർക്കും keraleeyam.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്ത് പങ്കെടുക്കാവുന്നതാണ്.

ക്വിസ് മത്സരഘടന അനുബന്ധമായി ചേർക്കുന്നു.

K R JYOTHILAL
ADDITIONAL CHIEF SECRETARY

എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
കൺവീനർ, കേരളീയം, സ്വാഗതസംഘം,കനകക്കുന്ന്, തിരുവനന്തപുരം.
ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് പബ്ലിക് ഇൻസ്ട്രക്ഷൻ, ജഗതി, തിരുവനന്തപുരം.
ഡയറക്ടർ, വൊക്കേഷണൽ ഹയർ സെക്കൻഡറി എഡ്യൂക്കേഷൻ, തിരുവനന്തപുരം.
ഗവർണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം
സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
എല്ലാ പൊതുമേഖലാ, സ്വയംഭരണ സ്ഥാപനങ്ങളുടേയും മേധാവികൾക്ക്
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
സെക്രട്ടറി, സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, പബ്ലിക്ക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം
രജിസ്ട്രാർ, കേരള /കാലിക്കറ്റ്/ കുസാറ്റ് /കണ്ണൂർ/മഹാത്മാഗാന്ധി - സർവ്വകലാശാലകൾ

/5910250/2023

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, മണ്ണുത്തി, തൃശ്ശൂർ

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി. പി.ഒ, എറണാകുളം

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് & അലൈഡ് സയൻസസ്, തൃശ്ശൂർ-680 596

രജിസ്ട്രാർ, കേരള വെറ്ററിനറി & ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി,

കേരള കാർഷിക സർവ്വകലാശാലാ ക്യാമ്പസ്, മണ്ണുത്തി, തൃശ്ശൂർ

രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസ്, പനങ്ങാട്,

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും

ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (മാധ്യമങ്ങളിലൂടെ വിപുലമായ പ്രചാരണത്തിന്)

വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ ചേർക്കുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Sreekumar T
സെക്ഷൻ ഓഫീസർ.
Date: 16-10-2023 10:17:52

പകർപ്പ് -മുഖ്യമന്ത്രിയുടെ പ്രൈവറ്റ്/പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
ചീഫ് സെക്രട്ടറിയുടെ സ്റ്റാഫ് ഓഫീസർക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ക്വിസ് മത്സരഘടന

1. കേരളീയം മെഗാ ഓൺലൈൻ ക്വിസ്സിൽ എല്ലാ പ്രായത്തിലുള്ളവർക്കും പങ്കെടുക്കാം

2. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ keraleeyam.kerala.gov.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്

3. ഇതിനായി വ്യക്തിഗത വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും മൊബൈൽ നമ്പറിൽ/ ഇമെയിലിൽ ലഭിക്കുന്ന ഒടിപി ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതുമാണ്.

4. രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും മോക്ക് ടെസ്റ്റിന് അവസരം ഉണ്ടായിരിക്കും

5. ഇതൊരു വ്യക്തിഗത മത്സരമാണ്

6. എല്ലാ മത്സരാർത്ഥികളും ഒരേ സമയമാണ് ഓൺലൈൻ ക്വിസിൽ പങ്കെടുക്കേണ്ടത്

7. രജിസ്റ്റർ ചെയ്യുന്ന എല്ലാവർക്കും നിശ്ചയിക്കുന്ന തീയതിയിൽ നിങ്ങൾക്ക് തന്നിരിക്കുന്ന ലോഗിൻ ഉപയോഗിച്ച് ഓൺലൈൻ ക്വിസ് മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

8. കേരളീയം വെബ്സൈറ്റായ keraleeyam.kerala.gov.in ൽ ഓൺലൈൻ ക്വിസ് സംബന്ധിച്ച വിവരങ്ങൾ ലഭിക്കും

9. രജിസ്ട്രേഷൻ സമയത്ത് തന്നിരിക്കുന്ന ഇ-മെയിൽ/ മൊബൈൽ നമ്പറിൽ ഓൺലൈൻ ക്വിസ് സംബന്ധിച്ച അറിയിപ്പ് ലഭിക്കും

10. ഓൺലൈൻ ക്വിസിൽ ആകെ 50 ചോദ്യങ്ങൾ ഉണ്ടായിരിക്കും

11. ചോദ്യങ്ങളും ഉത്തരങ്ങളും മലയാളത്തിൽ ആയിരിക്കും

12. കേരളവുമായി ബന്ധപ്പെട്ട ചരിത്രം, കല, സംസ്കാരം, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, സാഹിത്യം തുടങ്ങി വിവിധ വിഷയങ്ങളെ ആസ്പദമാക്കിയ ചോദ്യങ്ങളായിരിക്കും ഉണ്ടാകുക

13. ഒരു സമയം സ്ക്രീനിൽ ഒരു ചോദ്യം മാത്രമേ ഉണ്ടാകൂ

14. ഒരു ചോദ്യത്തിന് ഉത്തരം രേഖപ്പെടുത്താൻ പരമാവധി ലഭിക്കുന്ന സമയം 10 സെക്കന്റ് ആയിരിക്കും.

15. ഉത്തരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തണം

16. തന്നിരിക്കുന്ന 4 ഓപ്ഷനിൽ നിന്നും അനുയോജ്യമായ ഒന്ന് ക്ലിക്ക് ചെയ്യേണ്ടതാണ്

17. പത്ത് സെക്കന്റിന് ശേഷമേ അടുത്ത ചോദ്യം സ്ക്രീനിൽ തെളിയുകയുള്ളൂ

18. ഒരിക്കൽ ഉത്തരം രേഖപ്പെടുത്തിയാൽ അത് മാറ്റാൻ സാധിക്കില്ല

19. ഓരോ ശരി ഉത്തരത്തിനും ഒരു മാർക്ക് വീതം ലഭിക്കുന്നതാണ്

20. തെറ്റായ ഉത്തരങ്ങൾക്ക് നെഗറ്റീവ് മാർക്ക് ഉണ്ടായിരിക്കുന്നതല്ല

21.സമനില വരുന്ന സാഹചര്യത്തിൽ ഏറ്റവും കുറഞ്ഞ സമയം കൊണ്ട് ശരിയായ ഉത്തരം രേഖപ്പെടുത്തിയ വ്യക്തിയെ വിജയിയായി തീരുമാനിക്കും

22. ജില്ലാതലത്തിൽ തെരഞ്ഞെടുക്കപ്പെട്ട വിജയി കൾക്ക് അറിയിപ്പ് ലഭിക്കും

23. ജില്ലാതല വിജയികൾക്ക് തിരുവനന്തപുരത്ത് ഓഫ് ലൈനായി നടക്കുന്ന കേരളീയം മെഗാക്വിസ് ഗ്രാന്റ് ഫിനാലെയിൽ നേരിട്ട് പങ്കെടുക്കാൻ അവസരം ലഭിക്കും

24. ഗ്രാന്റ് ഫിനാലെ വിജയികൾക്ക് ഒരു ലക്ഷം രൂപയുടെ സമ്മാനം, കൂടാതെ മെമന്റോ, സർട്ടിഫിക്കറ്റ് തുടങ്ങിയവയും ഉണ്ടായിരിക്കും

25. പങ്കെടുക്കുന്നവർക്കുള്ള സർട്ടിഫിക്കറ്റ് മത്സരശേഷം ഓൺലൈനായി ഡൗൺലോഡ് ചെയ്യാവുന്നതാണ്

26. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും

27. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയതി 2023 ഒക്ടോബർ 18 ഉച്ചയ്ക്ക് 2 മണി.

*****